കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# ചെല്ലാനം ഗ്രാമപഞ്ചായത്ത്
# 2018-2019
# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം(പി3)1578/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ – 0484 2422271
തീയതി.03/01/2020

ഡെപ്യൂട്ടി ഡയറക്ടർ.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ചെല്ലാനം ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>:-
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

ജോ.ജോ.

നം.കെ.എസ്.എ-ഇ.കെ.എം(പി3)1578/19 തീയതി 03.01.2020

**എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 17.10.2018 മുതൽ 14.8.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ.വിനോദ്.കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 16.8.2019 മുതൽ 02.9.2019 വരെ | ശ്രീ.സി.സി.ജ്യോതിമോൻ<br>ഓഡിറ്റ് ഓഫീസർ<br><br>ശ്രീ.വിജു.എം.എസ്.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. മേഴ്സി. പി.കെ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി. മേഴ്സി ജോസി | 01.04.2018മുതൽ 31.03.2019 വരെ |

## 2) സെക്രട്ടറി

| | | |
|---|---|---|
| 1 | പി. പി. ഷീല | 1.4.18 മുതൽ 31.03.2019 വരെ |

## 3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.കെ.ഡി.പ്രസാദ് | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി. സ്മിത മാത്യു ജേക്കബ് | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. ജോൺസൺ പോൾ | 01.04.2018മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ / വിദ്യാഭ്യാസകാര്യം | ശ്രീമതി. അനിത ബാബു | 01.04.2018മുതൽ 31.03.2019 വരെ |

## 4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ഷാഹിത പി.എം. | 01.04.2018മുതൽ 31.5.2018വരെ |
| | | ഷീജ കെ. എസ്. | 01.06.2018മുതൽ 31.03.2019വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.സിന്ധു കെ. | 01.04.2018മുതൽ 21.06 2018 F.Nവരെ |
| | | ഡോ.ശ്രീലക്ഷ്മി പി.എം. | 21.6.18 A.N മുതൽ 31.3.19 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഏയ്ഞ്ചൽ ജിൻസി | 01.04.2018മുതൽ 31.03.2019 വരെ |
| 4 | വി.ഇ.ഒ. ചെല്ലാനം | സുനീഷ് കെ.ജെ. | 01.04.2018 മുതൽ 5.03.2019വരെ |
| | | സാദിഖ് എ. | 6.3.19മുതൽ 31.03 2019വരെ (ഇൻ ചാർജ്ജ്) |
| | വി.ഇ.ഒ , കണ്ണമാലി | സാദിഖ് എ. | 01.04.2018മുതൽ 31.03 2019വരെ |
| | വി.ഇ.ഒ, കണ്ടക്കടവ് | സവിത സി.എം. | 01.04.2018മുതൽ 19.06 2018വരെ |
| | | ടെസ്സ് ടെറിറ്റ് മേരി | 20.6.18 മുതൽ 31.3.19 വരെ |
| | വി.ഇ.ഒ, കാട്ടിപ്പറമ്പ് | സാദിഖ് എ. | 01.04.2018മുതൽ 4.6.18 വരെ (ഇൻ ചാർജ്ജ്) |
| | | രാജേശ്വരി കെ.ആർ. | 5.6.18മുതൽ 31.03 2019വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ചെല്ലാനം | ഡോ.പമീല ടി.ആർ. | 01.04.2018മുതൽ 31.03 2019വരെ |
| 6 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.കെ.റ്റി.ശ്രീദേവി | 01.04.2018മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനശ്രീ പ്രകാശ് | 01.04.2018മുതൽ 31.03.2019 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ആർ.എ. പ്രദീപ്കുമാർ | 01.04.2018മുതൽ 20.06.2018വരെ |
| | | രശ്മിമോൾ പി.എസ്. | 21.6.18 മുതൽ 31.3.19 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ഇന്ദുശ്രീ.ഐ.ബി | 01.04.2018 മുതൽ 20.12.2018F.Nവരെ |
| | | ഗ്ലാൻസി കെ. മൈക്കിൾ | 20.12.18 A.Nമുതൽ 23.2.19 വരെ |
| | | സലിം കെ.എച്ച്. | 11.3.19 മുതൽ 31.3.19<br>വരെ<br>(24.2.19 മുതൽ 10.3.19 വരെ ഒഴിവ് ) |
| 10 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | പ്രവീണ ജി. | 01.04.2018 മുതൽ 22.07.2018വരെ |
| | | ഹരിത എച്ച്. | 23.07.2018 മുതൽ 31.03.2019 വരെ |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ജിബിന എം.എം. | 01.04.2018മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം 2** | |
| 13 | പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന | 2-1 |
| 14 | സ്റ്റോക്കിലെടുക്കാത്ത രസീത് ബുക്ക് ഉപയോഗിച്ച് പണം | 2-2 |

| | | |
|---|---|---|
| | പരിവ് നടത്തി. | |
| | **ഭാഗം – 3** | |
| 15 | പഞ്ചായത്ത് ഹാളിലും രണ്ട് മുറികളിലും എ.സി.സ്ഥാപിക്കൽ- നടപടിക്രമങ്ങൾ പാലിച്ചില്ല | 3-1 |
| 16 | സോളാർ പാനൽ സ്ഥാപിക്കൽ – എഗ്രിമെന്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല | 3-2 |
| 17 | കാന ക്ലീനിംങ്- അപാകതകൾ | 3-3 |
| 18 | പഞ്ചായത്ത് കെട്ടിടത്തിന് അധിക വാടക നല്കി | 3-4 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- രേഖകളില്ല | 3-5 |
| 20 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- ക്ഷമതയില്ലാത്ത കരാറുകാരനെ ഏൽപ്പിച്ചു. | 3-6 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ തുടരുന്നു. | 3-7 |
| 22 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (ജനറൽ)- പൂർത്തീകരണ വിവരങ്ങളില്ല. | 3-8 |
| 23 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (ജനറൽ) - പൂർത്തീകരണ വിവരങ്ങളില്ല. | 3-9 |
| 24 | എ.ബി.സി പ്രോഗ്രാം കൃത്യമായി നടപ്പിലാക്കിയില്ല | 3-10 |
| 25 | കക്കൂസ് പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 26 | ലൈഫ് ഭവന പദ്ധതി (ജനറൽ)- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-12 |
| 27 | കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. | 3-13 |
| 28 | പി.വി.സി വാട്ടർ ടാങ്ക്- വിതരണം പൂർത്തിയാക്കിയില്ല. | 3-14 |
| 29 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-15 |
| 30 | എം.ജി.എൻ.ആർ.ഇ.ജി.എസ് ആദായനികുതി ഈടാക്കിയില്ല. | 3-16 |
| 31 | മരുന്ന് ലഭ്യമായിട്ടില്ല. | 3-17 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 3-18 |
| 33 | വരുമാന നികുതി ഈടാക്കിയില്ല | 3-19 |
| 34 | എസ്.സി. ബാലവാടിക്ക് പോഷകാഹാരം/ യൂണിഫോം | 3-20 |
| 35 | മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പ്രോജക്ടുകൾ. | 3-21 |
| 36 | പദ്ധതികൾ നടപ്പാക്കുന്നതിൽ വിമുഖത | 3-22 |
| | **ഭാഗം 4** | |
| 37 | സംയുക്ത പ്രോജക്ടിന് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 40 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 44 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 48 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 49 | ഇൻകം &എക്സ്പെൻഡിച്ചർ | അനുബന്ധം 3 |
| 50 | റസീപ്റ്റ് & പേയ്മെന്റ് | അനുബന്ധം 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 233862000 | 258653500 |
| വാർഷിക കണക്ക് പ്രകാരം | 120639938 | 86925384 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

3. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 1.06.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | ഇ.കെ.എം(പി.ജി)1227(32)/19 തീയതി-3.8.19 | വിശേഷണങ്ങളോടു കൂടിയത്. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16565435.83 |
| വരവ് | 120639938.00 |
| ആകെ | 137205373.83 |
| ചെലവ് | 86925384.00 |
| നീക്കിയിരിപ്പ് | 50279989.83 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 29875918 | 29875918 | 28575232 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | | 0 | 4474000 | 4474000 | 2592890 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 0 | 144000 | 144000 | 00 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 0 | 889000 | 889000 | 154491 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 0 | 6014000 | 6014000 | 3548954 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 0 | 1244000 | 1244000 | 7312559 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 41113 | 410727 | 451840 | 427014 | 24826 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്), റിട്ടെൻഷൻ | | 2493098 | 38944303 | 41437401 | 21074028 | 20363373 |
| ദുരിതാശ്വാസ നിധി | | 1002 | 35 | 1037 | 00 | 1037 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 1221511 | 1996513 | 3218024 | 2654691 | 563333 |
| | ജില്ലാപഞ്ചായത്ത് | 519712 | 12309528 | 12829240 | 4027663 | 8801577 |
| | ഗ്രാമ പഞ്ചായത്ത് | 67605 | 00 | 67605 | 30105 | 37500 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | BSUP | 1814714 | 48584 | 1863298 | 00 | 1863298 |
| | ICDS | 960901 | 602744 | 1563645 | 295701 | 1267944 |
| | TSC | 253400 | 2008400 | 2261800 | 228400 | 2033400 |

| | | | | | | |
|---|---|---|---|---|---|---|
| | NPRPD | 192949 | 338517 | 531466 | 349792 | 181674 |
| ബി ഫണ്ട് | | 00 | 592760 | 592760 | 592760 | 00 |
| തനത് ഫണ്ട് | | 8999430 | 60104723 | 69104153 | 17363613 | 51740540 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 215 | 138619377 | 128 | 59274450 | 8 | 79 | 59.53 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 41113 | 410727 | 451840 | 427014 | 24826 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 33260986 | 33260986 | 33260986 | 00 |
| ആകെ | 41113 | 33671713 | 33712826 | 33688000 | 24826 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 194760 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 2320000 | 186 |
| വിധവാപെൻഷൻ | 14475000 | 1193 |
| വാർദ്ധക്യകാലപെൻഷൻ | 39874600 | 3650 |
| വികലാംഗപെൻഷൻ | 4232600 | 383 |
| വിവാഹധനസഹായം | 300000 | 10 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2294300 | 187 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2019ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4261/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടയ്ക്കുന്നതിന് മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

2. തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെന്ന് പറയുന്നതല്ലാതെ നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കുന്നില്ല.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വരശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.6.19 മുതൽ 15.6.19 വരെ | 5/2019 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.2.2016 | 2010-11മുതൽ 2014-15വരെ | 25/2/2017 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിലുൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു.

ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ, പാർപ്പിട ആവശ്യത്തിനായി നികുതി നിർണ്ണയിച്ചിരിക്കുന്ന കെട്ടിടങ്ങൾ നിലവിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുകയും ആയതിന് പഞ്ചായത്ത് ലൈസൻസ് നൽകുകയും ചെയ്തിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ഡി & ഒ ലൈസൻസ് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | XI/127 | ജോഷി, S/o സേവ്യർ, പുളിയംപള്ളി | 7/18-19 | കെട്ടിടം താമസ ആവശ്യത്തിനുള്ളതായി സഞ്ചയയിലും വാണിജ്യ ആവശ്യത്തിനുള്ളതു പ്രകാരം നികുതി നിർണ്ണയിച്ച് അംഗീകരിക്കാവുന്നതാണ് എന്ന് ഫയലിലും രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | XXI/91 | സെലിൻ ജോസഫ്, കുഴിവേലി. | 4/18-19 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം. |
| 3 | XXI/337B(UA) | പി.കെ.ദാസൻ പണിക്കശ്ശേരി | 23/18-19 | “ |
| 4 | III/358A | കെ.ജെ.ജയിംസ്, കാട്ടുംപുറത്ത്. | 42/18-19 | “ |
| 5 | 15/50 | സേവ്യർ ആൻറണി, ചാരങ്ങാട്ട് വീട്. | 48/18-19 | “ |
| 6 | 19/363 | മേരി തോമസ് , പുത്തൻ | 50/18-19 | “ |

| | | | | |
|---|---|---|---|---|
| | | പറമ്പിൽ | | |
| 7 | VI/ IIB (UA) | റീത്ത ലോറൻസ്, കടവിൽ വീട് | 52/18-19 | “ |
| 8. | II / 297 | ബേസിൽ ഫ്രാൻസിസ്, പട്ടാളത്ത്. | 70/18-19 | “ |
| 9 | III/265 | ലില്ലി ജോർജ്ജ്, പുത്തൻ പുരയ്ക്കൽ | 71/18-19 | “ |
| 10 | IV/15 | ട്രീസ ആൻറണി, കട്ടികാട്ട്. | 76/18-19 | “ |

പാർപ്പിടാവശ്യത്തിനായുള്ള മേൽ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നുവെങ്കിലും തദനുസൃതമായി നികുതി പുനർനിർണ്ണയം നടത്തിയതായി കാണുന്നില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 21.08.2019ൽ ഓഡിറ്റ് എൻക്വയറി നമ്പർ 2(തീയതി 21.08.19) നൽകിയതിന് പഞ്ചായത്ത് സെക്രട്ടറി നൽകിയിരിക്കുന്ന മറുപടിയിൽ തീരദേശപരിപാലന അതോറിറ്റിയുടെ അനുവാദമില്ലാതെ ഈ കെട്ടിടങ്ങൾ പാർപ്പിടേതര കെട്ടിടങ്ങളാക്കി മാറ്റുവാൻ കഴിയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ കെട്ടിടങ്ങൾ കൂടാതെ മറ്റനേകം കെട്ടിടങ്ങളും ഇതേ രീതിയിൽ തുടരുന്നതായി ഫയലുകളിൽ കാണുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി ശാശ്വത പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 സ്റ്റോക്കിലെടുക്കാത്ത രസീത് ബുക്ക് ഉപയോഗിച്ച് പണം പിരിവ് നടത്തി.

ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള രസീത് ബുക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ബുക്ക് നമ്പർ |
|---|---|---|
| 1 | 27.02.2018 | 26001 - 26015 (15 എണ്ണം) |
| 2 | 17.10.2018 | 28839 - 28868 (30 എണ്ണം) |

എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 20.10.2018 ൽ 26029 എന്ന നമ്പരിലുള്ള രസീത് ബുക്ക് ഇഷ്യൂ ചെയ്യുകയും പണം പിരിവ് നടത്തുകയും ചെയ്തതായി കാണുന്നു.സ്റ്റോക്കിലില്ലാത്ത രസീത് ബുക്ക് ഉപയോഗിച്ച് പണപ്പിരിവ് നടത്തുന്നത് ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത ബുക്ക് ഉപയോഗിച്ച് പിരിച്ച തുക മുഴുവനും പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെന്നതിനാൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൽ ഈ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 1 (തീയതി 19.08.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നതിനൊപ്പം ലീഫ് നമ്പറുകൾ ചേർക്കുന്നില്ല.

ലൈബ്രറി രസീതുകളിലെ അപാകതകൾ

ലൈബ്രറി രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 5 രസീത് ബുക്കുകളാണ് സ്റ്റോക്കിൽ ചേർത്തിരിക്കുന്നത്. ആയതിന് തീയതി രേഖപ്പെടുത്തിയിട്ടില്ല. ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ ഇല്ലാത്ത ടി രസീത് ബുക്കുകൾ എവിടെ നിന്നും വാങ്ങി, ആകെ ലഭ്യമായ ബുക്കുകൾ എന്നിവ സംബന്ധിച്ച പർച്ചേസ് ബിൽ നമ്പർ, തീയതി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രസീത് ബുക്കിൽ പേജ് നമ്പർ, പേന കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നതായും പലതിലും ഈ നമ്പരുകൾ വെട്ടിത്തിരുത്തിയിരിക്കുന്നതായും കാണുന്നു. പേനകൊണ്ട് നമ്പരിട്ട രസീത് ബുക്കുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് machine numbered എന്നാണ്. രസീതുകളുടെ ആധികാരികത ഉറപ്പുവരുത്തുന്ന രീതിയിൽ രസീത് പരിപാലനം കൃത്യതയോടെ നടപ്പാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പഞ്ചായത്ത് ഹാളിലും രണ്ട് മുറികളിലും എ.സി .സ്ഥാപിക്കൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 271/18-19 പഞ്ചായത്ത് ഹാളിലും രണ്ട് മുറികളിലും എ.സി .സ്ഥാപിക്കൽ |
| അടങ്കൽ,<br>ചെലവ്,<br>ഫണ്ടിനം | 175000,<br>149880<br>തനത് ഫണ്ട്. |
| അക്കൗണ്ട് ട്രാൻസ്ഫർ | അക്കൗണ്ട് നം 37583037249 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി ലഭിച്ച രണ്ട് ടെണ്ടറുകളിൽ ഒരെണ്ണം M/s. 3 വോൾട്ട് ഇലക്ട്രിക്കൽ എന്റർപ്രൈസ് എന്ന സ്ഥാപനത്തിന്റേയും മറ്റൊന്ന് ടി സ്ഥാപനത്തിന്റെ ഉടമ തന്നെയായ ജോസ് റാഫേൽ, മാളിയം വീട്ടിൽ, കുമ്പളങ്ങി എന്ന വ്യക്തിയുടേയുമാണ്.

പഞ്ചായത്ത് വാങ്ങിയിട്ടുള്ള സ്പ്ലിറ്റ് എ.സി (വേൾപൂളിന്റെ 1.5 ടൺ 5 സ്റ്റാർ ഇൻവെർട്ടർ) യുടെ കമ്പനി വില നികുതി ഉൾപ്പെടെ 38000/- രൂപ മാത്രമാണെന്നിരിക്കെ ഒരു എ.സി ക്ക് 49960 /- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. കൂടാതെ ഗ്രാമ പഞ്ചായത്ത് സപ്ലയറുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച് 22.08.2019 ൽ നൽകിയ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ M/s.3 വോൾട്ട് ഇലക്ട്രിക്കൽ എന്റർപ്രൈസ് എന്ന സ്ഥാപനം പാർട്ണർഷിപ്പില്ലുള്ളതും,

ജോസ് റാഫേൽ എന്ന വ്യക്തി സ്വതന്ത്രമായുമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളതെന്നും 4 എ.സികൾക്കാണ് 149880/- രൂപ ചെലവഴിച്ചിട്ടുള്ളതുമെന്നാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ ഇൻവോയിസ് പ്രകാരം 3 എ.സി കളുടെ വിലയാണ് 149880 രൂപ. ടി. ഇൻവോയിസ് പ്രകാരമുള്ള 3 എ.സികളും അവയുടെ വിലയുമാണ് സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തിട്ടുള്ളത്. ഉത്പാദകരിൽ നിന്നോ ഡീലർ ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്നോ ആണ് എയർ കണ്ടീഷണർ വാങ്ങേണ്ടത്. എന്നാൽ ടെണ്ടറിൽ ഒരു സ്ഥാപനം മാത്രമാണ് ഇത്തരത്തിൽ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇത് സിംഗിൾ ടെണ്ടറായി പരിഗണിച്ച് റീ-ടെണ്ടർ ചെയ്യേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാതെ ഉയർന്ന നിരക്കിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കൂടാതെ നിലവിൽ ഗ്രാമപഞ്ചായത്തിൽ 4 എയർ കണ്ടീഷണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിലൊരെണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും വാങ്ങൽ രേഖകൾ ഇല്ലാത്തതുമാണ്. പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 149880 രൂപയുടെ ചലവ് തടസ്സപ്പെടുത്തുന്നു.

# 3-2 സോളാർ പാനൽ സ്ഥാപിക്കൽ -എഗ്രിമെന്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0023/19,ചെല്ലാനം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കൽ |
| അടങ്കൽ,<br>ഫണ്ട് | 1314000<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം,തീയതി | 104/18-19 തീ 23.03.2019,473587[Next]<br>114/18-19, തീ 23.03.2019 ,473587 |
| ചെലവ് | 947174 |
| നിർവ്വഹണണോദ്യോഗസ്ഥൻ | സെക്രട്ടറി |

കേരള സർക്കാരിന്റെ 22.06.2013 ലെ ജി.ഒ.(ആർ.ടി) 807/2013/ID പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെൽട്രോണിനെ തിരഞ്ഞെടുത്തിട്ടുണ്ട്. ആയത് പ്രകാരം ചെല്ലാനം പി.എച്ച്.സി.യുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കൽ എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് കെൽട്രോണിനെ തിരഞ്ഞെടുക്കുകയും ആ സ്ഥാപനം പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളതുമാണ്. 10 കിലോ വാട്ട്സ് പ്രതിദിനം ഉല്പാദിപ്പിക്കുന്ന ഈ പദ്ധതി കെ.എസ്.ഇ.ബി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് സോളാർ പാനൽ വഴി ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി എടുക്കുകയും മേൽ സ്ഥാപനങ്ങളുടെ ഉപഭോഗം കഴിഞ്ഞുള്ള വൈദ്യുതിയുടെ തുക ഓരോ വർഷവും പി.എച്ച്.സി.യുടെ അക്കൗണ്ടിലേക്ക് വരേണ്ടതാണ്. വൈദ്യുതിയുടെ ഉപയോഗക്രമം, അധികമായി കെ.എസ്.ഇ.ബി. എടുക്കുന്ന വൈദ്യുതിയുടെ യൂണിറ്റിന്റെ വില എന്നിവ സംബന്ധിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനം കെ.എസ്.ഇ.ബി. യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കൂടാതെ ഈ പദ്ധതി സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റിയുടെ മോണിറ്ററിംങ് റിപ്പോർട്ട്, കെ.എസ്.ഇ.ബിയിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് വിശദീകരണം നല്കുവാനവശ്യപ്പെട്ട് 21.08.2019 ൽ നല്കിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ

കെ.എസ്.ഇ.ബിയിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിത ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 947174/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 കാന ക്ലീനിംങ്- അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 2018 ലെ കടൽക്ഷോഭത്തെത്തുടർന്ന് കാനകളിൽ നിറഞ്ഞ മണ്ണ് കോരി കാന ക്ലീൻ ചെയ്യുന്നതിനായി താഴെപ്പറയും പ്രകാരം സെന്റ് ആന്റണീസ് എർത്ത് മൂവേഴ്സ് കുമ്പളങ്ങി, ബിസ്മി എർത്ത് മൂവേഴ്സ് മരുന്നുകട എന്നിവയ്ക്ക് വിവിധ കാലയളവിൽ തുക നല്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഓരോ വാർഡിലേയും ഏതെല്ലാം കാനകളിൽ നിന്നും എത്ര ക്യൂബിക്ക് മീറ്റർ മണ്ണ് നീക്കം ചെയ്തെന്നോ, കാനകളിൽ എത്രത്തോളം മണ്ണ് നിറഞ്ഞിട്ടുണ്ടെന്നോ ഉള്ള റഫ് എസ്റ്റിമേറ്റ് പോലും എടുത്തിട്ടുള്ളതായി കാണുന്നില്ല.

<u>ചെലവ് വിവരം</u>

| ക്രമനം | ചെക്ക് നം | തുക | തീയതി | തുക നല്കിയത് | അക്കൗണ്ട് നം |
|---|---|---|---|---|---|
| 1 | 111809 | 55500 | 28.05.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 2 | 111676 | 322250 | 21.07.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 3 | 111734 | 101250 | 04.11.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 4 | 111652 | 162000 | 06.08.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 5 | 111655 | 289982 | 10.08.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 6 | 111452 | 27000 | 05.09.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 7 | 124892 | 141750 | 07.03.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 8 | 111442 | 30128 | 30.08.2108 | ആന്റെണീ ജൂഡ് | 151511000010978 |
| 9 | 111475 | 175000 | 05.10.2018 | ആന്റെണീ ജൂഡ് | 151511000010978 |
| 10 | 111710 | 101250 | 21.11.2018 | ആന്റെണീ ജൂഡ് | 151511000010978 |
| ആകെ | 1406110 | | | | |
| 11 | 111734 | 47250 | 04.11.2018 | യൂദാസ് തദേവൂസ് | 336702010909709 |
| 12 | 111651 | 64500 | 06.08.2018 | യൂദാസ് തദേവൂസ് | 336702010909709 |
| 13 | 111641 | 31875 | 27.07.2018 | യൂദാസ് തദേവൂസ് | 336702010909709 |
| ആകെ | 143625 | | | | |
| 14 | 111456 | 127506 | 02.07.2018 | കൂലിപ്പണിക്കാർക്ക് കൂലി നല്കിയത് | |
| 15 | 111476 | 24748 | 05.10.2018 | | |
| ആകെ | 152254 | | | | |

2018 ലെ പ്രളയക്കെടുതികൾ അതിജീവിക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 05.09.2018 ലെ 2001/ഇ.ജി.എസ്.ഡി/18 ആർ.ഇ.ജി.എസ് ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ കാനകളിലും തോടുകളിലും കെട്ടിക്കിടക്കുന്ന അഴുക്കുകളും മണ്ണും മാറ്റി ജല

നിർഗ്ഗമന മാർഗ്ഗം സുഗമമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതികളിലൂടെ പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തൻ വർഷം തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവ്വഹിച്ച പ്രവൃത്തികൾ താഴെച്ചേർക്കുന്നു.

| ക്രമ നം | വാർഡ്/ ചെയ്ത പ്രവൃത്തി | എം ബുക്ക് നം | ചെലവ് | പ്രവൃത്തി ആരംഭിച്ച തീയതി |
|---|---|---|---|---|
| 1 | വാർഡ് 2 ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 209/14-15 | 358533 (പേജ് നം 46) | 18.12.2018 |
| 2 | വാർഡ് 6 ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 116/14-15 | 377503 (പേജ് നം 35) | 31.03.2019 |
| 3 | വാർഡ് 7 ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 183/14-15 | 376961 (പേജ് നം 16) | 23.02.2019 |
| 4 | വാർഡ് 9ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 20/13-14 | 236854 (പേജ് നം 11) | 07.01.2019 |
| 5 | വാർഡ് 10 ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 20/13-14 | 385633 (പേജ് നം 20) | 21.12.2018 |
| 6 | വാർഡ് 13 ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 74/13-14 | 279130 (പേജ് നം 34) | 08.02.2019 |
| 7 | വാർഡ് 20 ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 43/14-15 | 82655 (പേജ് നം 37) | 15.03.2019 |
| 8 | വാർഡ് 21ലെ വിവിധ പ്രദേശങ്ങളിലെ കാന, തോട് പുനരുദ്ധരിച്ച് നീരൊഴുക്ക് സുഗമമാക്കൽ | 2/14-15 | 164768 (പേജ് നം 43) | 28.02.2019 |
| ആകെ | | 2262037/- | | |

ഗ്രാമ പഞ്ചായത്തിൽ ജെ.സി.ബി ഉപയോഗിച്ച് വിവിധ വാർഡുകളിൽ കാന, തോട് പുനരുദ്ധരിച്ച് ജല നിർഗ്ഗമനം സുഗമമാക്കിയ അതേ വാർഡുകളിൽ തന്നെ തൊഴിലുറപ്പ് മിഷൻഡയറക്ടറുടെ 05.09.2018 ലെ 2001/ഇ.ജി.എസ്.ഡി/18 ആർ.ഇ.ജി.എസ് ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മേൽ പ്രവൃത്തികൾ ആവർത്തിച്ച് ചെയ്തിട്ടുള്ളതായി മേൽ പരാമർശിത പട്ടിക പ്രകാരം കാണാവുന്നതാണ്.

കാനയിൽ നിന്ന് എത്രത്തോളം മണ്ണ് ലഭിച്ചെന്നോ, ലഭിച്ച മണ്ണ് എവിടെ നിക്ഷേപിച്ചെന്നോ എന്നതിന് ആധികാരികമായ രേഖകൾ ഒന്നും തന്നെ ഇല്ലാതെയാണ് മേൽ സൂചിപ്പിച്ച മാസങ്ങളിൽ 15 ദിവസം വീതം ഓരോ ദിവസവും 9 മണിക്കൂർ എന്ന ക്രമത്തിൽ ജെ.സി.ബി പ്രവർത്തിച്ചതായി രേഖപ്പെടുത്തിയ ടി സ്ഥാപനങ്ങളുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ മണിക്കൂറിന് 750/- രൂപ നിരക്കിൽ ആകെ 15,49,735/- രൂപ നൽകിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങൾ ഹാജരാക്കിയ ബില്ലിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ടി. ദിവസങ്ങളിൽ ജെ.സി.ബി പ്രവർത്തിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ ദിവസവും എത്ര മണിക്കൂർ വീതം ജെ.സി.ബി പ്രവർത്തിച്ചു എന്നത് സംബന്ധിച്ച ആധികാരിക രേഖപ്പെടുത്തലുകളോ, ലോഗ് ബുക്കോ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ ആധികാരിക രേഖപ്പെടുത്തലുകൾ നടത്തുവാൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ (അസിസ്റ്റന്റ് എഞ്ചിനീയർ) ഗ്രാമ പഞ്ചായത്തിലുണ്ടെന്നിരിക്കെ ഈ ഉദ്യോഗസ്ഥന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ല.

മേൽ പ്രവൃത്തി സംബന്ധിച്ച് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) പ്രവൃത്തി സംബന്ധിച്ച കരാർ

2) കാനകളിൽ നിന്ന് മണ്ണ് ലഭിച്ചതിന്റെ എസ്റ്റിമേറ്റ്

3) പ്രവൃത്തി നടത്തിയ ജെ.സി.ബി. യുടെ രജിസ്ട്രേഷൻ നം, ലോഗ് ബുക്ക്

4) തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താതെ വൻ തുക നൽകി പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം.

2017-18 സാമ്പത്തിക വർഷത്തിൽ 143/18 എന്ന പ്രോജക്റ്റിൽ മാലിന്യ നിർമ്മാർജ്ജനം ഉൽപ്പെടുത്തി വിവിധ വാർഡുകളിലെ കാന ക്ലീനിംഗിന്നായി യഥാക്രമം ,843436/-. 443436/-എന്നീ തുകകൾ (ആകെ 1286872) ഫെഡറൽ ബാങ്ക് കുമ്പളങ്ങി അക്കൗണ്ട് നം 71411214000000 ഉടമയായ ശ്രീ അഖിൽ ജോസ് എന്ന വ്യക്തിക്ക് നല്കിയതിന് ശേഷമാണ് മേൽ സൂചിപ്പിച്ച പ്രകാരം കാന ക്ലീനിംങ്ങിന്നായി ഇത്രയും തുക ചെലവഴിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തി നടത്തിയതിന് അളവ് പുസ്തക രേഖപ്പെടുത്തലുകൾ തൊഴിലാളികളുടെ മസ്റ്റർ റോളുകൾ എന്നീ രേഖകൾ ഫയലിൽ ലഭ്യമാണെന്നതിനാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടു എന്നത് വ്യക്തമാണ്. എന്നാൽ വൗച്ചർ പ്രകാരം ചെലവഴിച്ച തുകയുടെ വിവരങ്ങളും തെളിവുകളും ഫയലിൽ നിന്നും ലഭ്യമല്ല. കൂടാതെ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 05.09.2018 ലെ 2001/ഇ.ജി.എസ്.ഡി/18 ആർ.ഇ.ജി.എസ് ഉത്തരവ് പ്രകാരം വാർഡു തലത്തിൽ വിവിധ തരത്തിലുള്ള കാന ക്ലീനിംഗ് പ്രവൃത്തികൾ ചെയ്യുന്നത് അധികച്ചെലവിന് ഇടവരുത്തുന്നു. ആയതിനാൽ വ്യക്തമായ രേഖകളുടെ അഭാവത്തിൽ വൻ തുക ചെലവഴിച്ചത് സംബന്ധിച്ച് വകുപ്പ് തല അന്വേഷണത്തിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-4 പഞ്ചായത്ത് കെട്ടിടത്തിന് അധിക വാടക നല്കി

ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രവർത്തിച്ചിരുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ തന്നെ 21ാം വാർഡിലെ ജോസ് ആൻസിൽ, പര്യാത്തുശ്ശേരി എന്ന വിലാസത്തിലുള്ള വ്യക്തിയുടെ 403 a,b എന്നീ നമ്പർ നല്കിയിട്ടുള്ള കെട്ടിടത്തിലാണ് 01.11.2014 മുതൽ പ്രവർത്തിച്ചു വരുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിച്ച് നല്കിയ പ്രതിമാസ വാടക 20244/-രൂപയായിരുന്നു. ആയത് പ്രകാരം എല്ലാ മാസവും പ്രസ്തുത തുക കൃത്യമായി ഉടമയ്ക്ക് പഞ്ചായത്ത് നല്കിയിട്ടുള്ളതുമാണ്. 03.09.2014ൽ ഗ്രാമ പഞ്ചായത്തും കെട്ടിട ഉടമസ്ഥനും തമ്മിൽ ഏർപ്പെട്ട കരാർ വ്യവസ്ഥകളിൽ

വാടകയിനത്തിലുള്ള വാർഷിക വർദ്ധനവിനെക്കുറിച്ച് പരാമർശിക്കുന്നില്ല. കൂടാതെ പിന്നീടുള്ള വർഷങ്ങളിൽ എഗ്രിമെന്റ് പുതുക്കിയിട്ടില്ല. 01.11.2018 മുതൽ പഞ്ചായത്ത് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 06.12.2018 ൽ കെട്ടിട ഉടമ നല്കിയ വാടക വർദ്ധനവ് സംബന്ധിച്ച് അപേക്ഷ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റി പരിശോധിക്കുയും 12.12.2018 ലെ 2(4)-ാം നമ്പർ തീരുമാന പ്രകാരം 2018 എപ്രിൽ മുതൽ 2018 ഒക്ടോബർ വരെയുള്ള വാടക 5% വർദ്ധനവ് അനുവദിക്കുവാൻ കമ്മറ്റി തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ചുള്ള തീരുമാനം കെട്ടിട ഉടമയെ 21/01/2019 ലെ A3-8631/2018 കത്ത് മുഖേന അറിയിക്കുകയും ചെയ്തു. ആയത് പ്രകാരം കെട്ടിട ഉടമയ്ക്ക് 2018 എപ്രിൽ മുതൽ 2018 ഒക്ടോബർ വരെയുള്ള വാടകയിനത്തിൽ 5% വർദ്ധനവ് തുകയായി (7*1012) 7084 രൂപ മാത്രമേ വരുന്നുള്ളു. എന്നാൽ ടിയാന് 2015 നവംബർ മുതൽ 2018 ഒക്ടോബർ വരെയുള്ള വാടക മുൻകാല പ്രാബല്യത്തോടെ 16.03.2019 ലെ 125444 ചെക്ക് പ്രകാരം 75336/- രൂപ നല്കുകയാണുണ്ടായത്. ഈയിനത്തിൽ 68252/- കെട്ടിട ഉടമയ്ക്ക് അധികമായി നല്കി. കെട്ടിടത്തിന്റെ വാർഷിക വാടക വർദ്ധനവ് നിർണ്ണയിച്ച് നല്കുവാൻ അധികാരപ്പെട്ടത് പി.ഡബ്ല്യു.ഡി. ബിൽഡിംങ്സ് സെക്ഷനിൽ നിന്നും ആണെന്നിരിക്കെ കമ്മറ്റിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടക വർദ്ധിപ്പിച്ചതായി കാണുന്നു. കൂടാതെ പഞ്ചായത്തിന്റെ വസ്തുനികുതി സോഫ്റ്റ്‌വെയറായ സഞ്ചയയിൽ ഈ കെട്ടിടം പാർപ്പിടാവശ്യത്തിനുള്ള ഉപയോഗക്രമത്തിലാണ് വസ്തു നികുതി കണക്കാക്കിയിട്ടിട്ടുള്ളത് ആയത് പ്രകാരമുള്ള വസ്തു നികുതി മാത്രമേ (806 രൂപ മാത്രം) കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയിട്ടുള്ളൂ. വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിലായിരുന്നെങ്കിൽ പ്രതിവർഷം 7810/- രൂപ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്നു. ഇങ്ങനെ ഉപയോഗക്രമം പുനർനിർണ്ണയിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് 21.08.2019ൽ നല്കിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാടകയിനത്തിൽ അധികമായി നല്കിയ 68252/-രൂപ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ ടി കെട്ടിടം ഇപ്പോൾ ഉപയോഗിക്കുന്ന ക്രമം വാണിജ്യാവശ്യമായ രീതിയിൽ പ്രത്യേകം കടമുറികളായി തിരിച്ചാണ്. നികുതി പുനർ നിർണ്ണയിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്. മുൻകാല പ്രാബല്യത്തിൽ വാടക വർദ്ധനവ് അനുവദിച്ചത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-5 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- രേഖകളില്ല

| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 91/18-19, വയോജനങ്ങൾക്ക് കട്ടിൽ |
|---|---|
| അടങ്കൽ,<br>ചെലവ്, ഫണ്ടിനം | 761250/-,<br>വികസനഫണ്ട് – 756637/- |
| ബിൽ നം. തീയതി | 103/18-19, 05.10.2018<br>86990/-<br>53.18-19, 15.12.2018<br>669647/- |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് നടപ്പാക്കുന്നതിന് ആവശ്യമായ കട്ടിൽ വാങ്ങിയിട്ടുള്ളത് കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ടി. സ്ഥാപനത്തിന്റെ 18123200011943 എന്ന അക്കൗണ്ടിലേക്കാണ് മേൽ ബിൽ പ്രകാരമുള്ള തുക നല്കിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

03.10.2018 ലെ ജി.ഒ (ആർ.ടി) നം 42/2018/എസ്.പി.ഡി ഉത്തരവ് പ്രകാരം ഈ സ്ഥാപനത്തിൽ നിന്ന് സ്റ്റീൽ ഉല്പന്നങ്ങൾ മാത്രമേ വാങ്ങുവാൻ നിർദ്ദേശിക്കുന്നുള്ളൂ. എന്നാൽ മേൽ പ്രോജക്ട് പ്രകാരം Hard wood cot length 198cm, Width 90 cm, Front leg length 60 cm, back leg length 50 cm, 8mm plywood top എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. മേൽ പറഞ്ഞ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകൾ സ്ഥാപനത്തിന്റെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്തതും സ്ഥാപനം നിർമ്മിക്കാത്തതുമാണ്. കൂടാതെ കട്ടിലുകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളോ, ഗുണഭോക്തൃലിസ്റ്റോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപനവുമായി പഞ്ചായത്ത് എഗ്രിമെന്റിൽ ഏർപ്പെട്ടതിന്റെയോ, ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ 60 വയസ്സ് തികഞ്ഞവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 21.08.2019 ൽ നല്കിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പ്രോജക്ട് സംബന്ധിച്ച ഫയൽ ഹാജരാക്കുന്നത് വരെ ഇതിന് ചെലവഴിച്ച തുകയായ 756637 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- ക്ഷമതയില്ലാത്ത കരാറുകാരനെ ഏൽപ്പിച്ചു.

പ്രോജക്ട് നമ്പർ - 205/15, പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

അടങ്കൽ- 1,00,00,000/- രൂപ (വികസന ഫണ്ട്) , പി.എ.സി 9834597.74 (-1.654%)

ചെലവ് – 9834597/-, എഗ്രിമെന്റ് നമ്പർ -45/AE/CGP/15-16/30.9.2015

കരാറുകാരൻ- പി.എച്ച് ഇല്ല്യാസ്

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ടെണ്ടർ നോട്ടീസിൽ ബിഡ്ഡർ ക്വാളിഫിക്കേഷനായി സൂചിപ്പിച്ചിട്ടുള്ളത് A- ക്ലാസ് സിവിൽ കോൺട്രാക്ടർ എന്നാണ്. എന്നാൽ കരാർ ഏറ്റെടുത്തിട്ടുള്ള ശ്രീ.പി.എച്ച്. ഇല്ല്യാസ് എന്നയാളുടെ 88/B/SECCA/12-13 നമ്പർ രജിസ്റ്റർ കാർഡിൽ ബി ക്ലാസ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ എഗ്രിമെന്റ് പ്രകാരം സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുള്ളത് 6.10.2015 ൽ ആണ്. എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലാവധി ഒരു വർഷവും ആറുമാസവുമാണ്. ഇതനുസരിച്ച് 5.4.2017ൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ അളവ് പുസ്തകം 112/19 പ്രകാരം പ്രവൃത്തി പൂർത്തിയാക്കി അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 6.2.2019 ൽ ആണ്. അതായത് പൂർത്തീകരണ കാലാവധിക്ക് ശേഷം 22 മാസങ്ങൾ കഴിഞ്ഞാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. 1.2.2012 ലെ (പി)13/2012/പി.ഡബ്ല്യൂ.ഡി സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് കാലാവധി തീരുന്നതിന് മുമ്പായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. കൂടാതെ ഒറ്റത്തവണ പൂർത്തീകരണ കാലയളവിന്റെ 25% ൽ അധികരിക്കാതെയും 6 മാസമോ ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണ്. എന്നാൽ പരമാവധി ഒറിജിനൽ സമയത്തിന്റെ 50%ൽ അധികരിക്കാൻ പാടില്ല. ഫയൽ പരിശോധിച്ചതിൽ ഒറിജിനൽ സമയം തീരുന്നതിന് മുമ്പായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. കൂടാതെ കാലയളവ് ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് കരാറുകാരന്റെ തീയതി രേഖപ്പെടുത്താത്ത ഒരു കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇപ്രകാരം കരാർ കാലയളവിനുള്ളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന

കാലാവധി ദീർഘീകരണത്തിന് അപേക്ഷിക്കാതിരുന്നിട്ടും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട 5.4.17ന് ശേഷം 22 മാസങ്ങളോളം യാതൊരു നടപടിയും സ്വീകരിക്കാതെ 8.3.2019 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശ പോലുമില്ലാതെ കമ്മിറ്റി സ്വമേധയാ രണ്ടിൽ അഞ്ചാം നമ്പർ തീരുമാനപ്രകാരം പൂർത്തീകരണ കാലാവധി 31.3.2019 വരെ പിഴയില്ലാതെ ദീർഘിപ്പിച്ച് നൽകിയിരിക്കുന്നു. പി.ഡബ്ല്യൂ.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയതിനും, 55 ലക്ഷം രൂപവരെയുള്ള സിവിൽ വർക്കുകൾ മാത്രമേ ബി- ക്ലാസ് സിവിൽ കരാറുകാരന് ഏറ്റെടുക്കുവുള്ളൂ എന്നിരിക്കെ പ്രസ്തുത പ്രവൃത്തി ബി- ക്ലാസ് കരാറുകാരനെ ഏൽപിച്ചത് മൂലവും കെട്ടിട നിർമ്മാണം അനന്തമായി നീണ്ടുപോകുകയും ചെയ്തു.

__മറ്റ് അപാകതകൾ__

നിർമ്മാണം പൂർത്തിയാക്കിയ പഞ്ചായത്ത് ഓഫീസ് മഴ പെയ്താൽ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. കോൺഫറൻസ് ഹാൾ, സ്റ്റെയർകേസിന്റെ മധ്യഭാഗം എന്നിവ ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾക്കുള്ളിൽ തന്നെ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. കോൺഫറൻസ് ഹാളിനോട് ചേർന്നുള്ള ടോയ്‌ലറ്റ് ഉപയോഗിക്കാൻ പറ്റാതെ അടച്ചിട്ടിരിക്കുകയാണ്. കൂടാതെ നിർമ്മാണത്തിലെ അപാകതമൂലം മഴപെയ്യുമ്പോൾ ഫ്രണ്ട് ഓഫീസിന് മുൻവശവും സന്ദർശകർക്കുള്ള ലോബിയിലേക്കും വെള്ളം തെറിച്ചുവീഴുന്ന അവസ്ഥയാണ്. ഗ്യാരന്റി പിരീഡിനുള്ളിൽ തന്നെയുള്ള മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചവിധം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നത് പരമാവധി ഒറിജിനൽ കാലയളവിന്റെ 50% ൽ അധികമാകുവാൻ പാടില്ല എന്നിരിക്കെ നടപടിക്രമങ്ങളൊന്നും പാലിക്കാതെ (അപേക്ഷ, എഞ്ചിനീയറുടെ ശുപാർശ, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവയൊന്നുമില്ലാതെ) കാലാവധി പിഴയില്ലാതെ ദീർഘിപ്പിച്ചു നൽകിയത് ചട്ട വിരുദ്ധമാണ്. മേൽ ചട്ടപ്രകാരം 50% സമയം അനുവദിച്ചാൽ തന്നെ 5.1.18 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ അതിന് ശേഷവും 52 ആഴ്ചകൾ കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116-1പ്രകാരം കാലതാമസം വരുത്തുന്ന ഓരോ ആഴ്ചയ്ക്കും എഗ്രീഡ് പി.എ.സിയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. അതായത് 9834597.74 x 5.2% =511399 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (23/29.08.19) ലഭ്യമാക്കിയ മറുപടിയിൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച ഫൈൻ, ക്രമവിരുദ്ധമായ തീരുമാനമെടുത്ത കമ്മറ്റിയിൽ പങ്കെടുത്തവർ, ആയത് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്താതിരുന്ന സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# 3-7 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ തുടരുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്നതായി കാണുന്നു.

1. വി.ഇ.ഓ കണ്ണമാലി - UBI- A/c. 345302010024821, 21.7.2015 ൽ നീക്കിയിരിപ്പ് -6324/-

2. വി.ഇ.ഓ കണ്ടക്കടവ് -UBI- A/c.3453020100311777, 3.4.2019 ൽ നീക്കിയിരിപ്പ് - 1126/-

3. വി.ഇ.ഓ കാട്ടിപ്പറമ്പ് -UBI- A/c. 345302010026662, 3.4.2019 ൽ നീക്കിയിരിപ്പ്- 2003/-

4. ജോയിന്റ് അക്കൗണ്ട് - ടോട്ടൽ സാനിട്ടേഷൻ കാംപെയിൻ-കോർപ്പറേഷൻ ബാങ്ക് അക്കൗണ്ട് നമ്പർ 520101060252606

1.5.19 ൽ നീക്കിയിരിപ്പ് - 1057877/-

5. അസിസ്റ്റന്റ് എഞ്ചിനീയർ -UBI-345302010019413 – 3/2019 ലെ നീക്കിയിരിപ്പ് - 104594/-

6. വി.ഇ.ഓ EMS (general) അക്കൗണ്ട് - 1199, 31.3.17 ൽ നീക്കിയിരിപ്പ് - 9612/-

7. വി.ഇ.ഓ EMS (SC) അക്കൗണ്ട് - 1342, 30.3.19 ൽ നീക്കിയിരിപ്പ് -2589512/- (2013 മുതൽ 25 ലക്ഷത്തോളം രൂപ നീക്കിയിരുപ്പുണ്ട്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള അക്കൗണ്ട് - 1342ൽ 30.3.19ൽ – 2589512/-രൂപ നീക്കിയിരിപ്പുണ്ട്. ഇത് ഇ.എം.എസ് ഭവന പദ്ധതിക്കായി ബാങ്കിൽ നിന്നും വായ്പയെടുത്തതിൽ ചെലവഴിക്കാതെ ബാലൻസ് വന്ന തുകയാണ്. വായ്പാത്തുക മുഴുവനായും പദ്ധതിപണം വകയിരുത്തി തിരികെ ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. കൂടാതെ ഇത്രയും തുക പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കപ്പെടാതിരുന്നിട്ടും വായ്പയുടെ മുതലിനത്തിൽ യഥാസമയം തിരിച്ചടക്കാതിരുന്നതിനാലും പ്രസ്തുത തുകയ്ക്കുള്ള പലിശകൂടി സർക്കാർ ഒടുക്കുവരുത്തേണ്ടതായി വന്നിട്ടുണ്ട്. ആയതിനാൽ പലിശയിനത്തിൽ അധികമായി സർക്കാരിന് ചെലവഴിക്കേണ്ടിവന്ന തുക കണക്കാക്കി നഷ്ടോത്തരവാദികളെ നിർണ്ണയിച്ച് അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് അക്കൗണ്ടുകളും നിലവിൽ നിഷ്ക്രിയമായതിനാൽ അവ ക്ലോസ് ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 29.08.2019 ൽ നൽകിയ എൻക്വയറിക്ക് (24/19.08.19) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-8 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (ജനറൽ)- പൂർത്തീകരണ വിവരങ്ങളില്ല.

പ്രോജക്റ്റ് നമ്പർ - 62/19, അടങ്കൽ -1050000/- രൂപ (വികസന ഫണ്ട് 700000/-, തനത് ഫണ്ട് 350000/-)

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കണ്ടക്കടവ് നടപ്പിലാക്കിയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ- പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | മുൻകൂർ കൈപ്പറ്റിയ തുക | ബിൽ നമ്പർ | പരാമർശം |
|---|---|---|---|---|
| 1 | മേരി ജോർജ്ജ്, തെറാത്ത് - വാർഡ് 10 | 25000 | അക്കൗണ്ട് ട്രാൻസ്ഫർ | പൂർത്തിയാക്കിയിട്ടില്ല |
| 2 | തോമസ് ആന്റണി, പൊള്ളയിൽ | 25000 | 10/22.3.19 | പൂർത്തിയാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 3 | എൽസി ജോസ് മച്ചിങ്കൽ | 25000 | 10/22.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 4 | കർമ്മിലി ചാക്കച്ചൻ | 25000 | 7/13.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 5 | മേരി പോൾ, നടുവുല വീട്ടിൽ | 25000 | 7/13.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 6 | മാർഗ്രറ്റ് സുനി, കൊച്ചുവീട്ടിൽ | 25000 | 16/27.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 7 | റോസിലി പീറ്റർ | 25000 | 16/27.3.19 | പൂർത്തിയാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച് 30.08.2019ൽ നൽകിയ 26-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ചവിധം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാലൻസ് തുക കൈപ്പറ്റിയിട്ടില്ലെന്നുമറിയിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് ബാലൻസ് തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

# 3-9 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (ജനറൽ)- പൂർത്തീകരണ വിവരങ്ങളില്ല.

പ്രോജക്ട് നമ്പർ - 72/19, അടങ്കൽ -1000000/- (വികസന ഫണ്ട് 400000/-, തനത് ഫണ്ട് 600000/-

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കണ്ടക്കടവ് നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ- പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | മുൻകൂർ കൈപ്പറ്റിയ തുക | ബിൽ നമ്പർ | പരാമർശം |
|---|---|---|---|---|
| 1 | സെലസ്റ്റെൻ കുരിശിങ്കൽ വാർഡ് 7 | 50000 | 9/22.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 2 | ജോസി.എൻ.ജെ തട്ടേപ്പറമ്പിൽ w-5 | 50000 | 14/27.3.19 | പൂർത്തിയാക്കിയിട്ടില്ല. |
| 3 | മേഴ്സി കാർലോസ് പൊക്കലപ്പറമ്പിൽ വാർഡ് -15 | 50000 | 14/22.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 4 | കെ.ഡി. ആന്റണി കൊച്ച് പറമ്പ് വാർഡ് 17 | 50000 | 9/22.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 5 | ആന്റണി എ.ജെ മഠത്തിപ്പറമ്പ് w-20 | 50000 | 14/13.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 6 | പി.ആർ ജോയ് പനക്കൽ വീട് w-18 | 50000 | 17/27.3.19 | പൂർത്തിയാക്കിയിട്ടില്ല |
| 7 | സെലീന ജേക്കബ് കുറ്റിപ്പുറത്ത് | 50000 | 18/27.3.19 | പൂർത്തിയാക്കിയിട്ടില്ല |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ താമസംവിനാ പ്രവൃത്തി പൂർത്തിയാക്കുന്നതിനും തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്. അതുവരെ 350000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (27/30.08.19) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി സ്പിൽ ഓവറായി 2019-20 ൽ പൂർത്തിയാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

2. വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (എസ്.സി),പ്രോജക്ട് - 77/19

ഈ പദ്ധതി പ്രകാരം ആനുകൂല്യമായി 75000/- രൂപ വീതം കൈപ്പറ്റിയിട്ടുള്ള (ബിൽ 8/15.3.19-) താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | കലാവതി, തറേപ്പറമ്പ്, വാർഡ് 19 | 75000 | 6/13.3.19 |
| 2 | വള്ളി വാസു, തറേപ്പറമ്പ്, വാർഡ് 14 | 75000 | 1/21.2.19 |
| 3 | ഗീതാസുന്ദരൻ, അറപ്പുരക്കൽ W-15 | 75000 | 1/21.2.19 |
| 4 | കുഞ്ഞപ്പൻ, കോട്ടമുറി W-15 | 75000 | 15/23.3.19 |
| 5 | കല്യാണി രാഘവൻ, അഴീക്കകത്ത്, W-11 | 75000 | 6/13.3.19 |
| 6 | മോഹനൻ തറേപ്പറമ്പിൽ W-12 | 75000 | 13/27.3.19 |
| 7 | തിലോത്തമ ഗോപാലൻ, മണിയേലിനടയിൽ W-12 | 75000 | 15/27.3.19 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുൻകൂർ കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (24) ലഭ്യമാക്കിയ മറുപടിയിൽ മൂല്യ പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ബാലൻസ് തുക നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതുവരെ 525000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-10 എ.ബി.സി പ്രോഗ്രാം കൃത്യമായി നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 20/18-19 എ.ബി.സി പ്രോഗ്രാം |
| അടങ്കൽ,ചെലവ്,ഫണ്ടിനം | 300,000/-രൂപ, 294,000/-രൂപ , വികസന ഫണ്ട്. |

| | |
|---|---|
| ബിൽ നം. തീയതി | 31/18-19 ,05.10.2018 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് നിർവ്വഹണത്തിനായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 38540201006l958 എന്ന അക്കൗണ്ട് നമ്പറിലേക്ക് 294,000/- രൂപ നല്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എത്ര നായ്ക്കളെ വന്ധ്യംകരണം നടത്തിയെന്നതിന് വെറ്റിനറി സർജന്റെ സാക്ഷ്യപത്രം ലഭ്യമല്ല. പകരം പഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രമാണ് ഫയലിൽ ചേർത്തിട്ടുള്ളത്. കുടുംബശ്രീ ജില്ലാമിഷൻ കോ-ർഡിനേറ്റർ തുക കൈപ്പറ്റിയതായുള്ള രേഖ ഫയലിലില്ല. കരാറിലെ 5-ാം വ്യവസ്ഥ പ്രകാരം ഗ്രാമപഞ്ചായത്തിലെ എ.ബി.സി. പ്രവർത്തനങ്ങൾക്കായി പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണമെന്നും, കമ്മറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും മിനിറ്റ്സും ഫയലിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നു. എന്നാൽ ആയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് വിജയകരമായി നടപ്പിലാക്കിയതിന് കൃത്യമായ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. നായ്ക്കളെ വാക്സിനേഷൻ നടത്തിയതായി കാണിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ നൽകിയിട്ടുള്ള റിപ്പോർട്ട് മാത്രമാണ് തുക വിനിയോഗിച്ചതിന് രേഖയായി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടി മോണിറ്ററിംഗ് റിപ്പോർട്ട് ഇനി മുതൽ ഫയലിൽ സൂക്ഷിക്കുന്നതാണെന്നും ഫണ്ട് കൈമാറിയതിന്റെ കൈപ്പറ്റ് രേഖ ഹാജരാക്കുന്നതാണെന്നുമാണ്. കൃത്യമായ മോണിറ്ററിംഗ് നടത്തി പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-11 കക്കൂസ് പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 264/19 |
| അടങ്കൽ | 1290400/- |
| ഫണ്ടിനം | വികസന ഫണ്ട്- 72668<br>സംസ്ഥാനാവിഷ്കൃതം- 586400<br>തനത് ഫണ്ട്- 331332<br>മെയിന്റനൻസ് ഗ്രാന്റ് റോഡിതരം -300000 |
| ചെലവ് | 27600 |
| ബിൽ നമ്പർ | 1/18-19/ 22.3.19 |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കണ്ണമാലി നടപ്പിലാക്കിയ -കക്കൂസ് പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 9200/- രൂപ വീതം ആകെ 27600/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

1. മേരി റിൻസി, കട്ടികാട്ട് വാർഡ് -V – 9200/-

2. ജേക്കബ്.വി.എ, വട്ടപ്പറമ്പിൽ, വാർഡ്- V - 9200/-

3. ട്രീസാമ്മ മേരി , വാർഡ് -V – 9200/-

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് നിലവിൽ ഉപയോഗയോഗ്യമല്ലാത്ത കക്കൂസ് ഉള്ളവരാണെന്ന സാക്ഷ്യപത്രമില്ല. കൂടാതെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയതന്റെ റിപ്പോർട്ടോ മൂല്യനിർണ്ണയ സാക്ഷ്യപത്രമോ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗനിർദ്ദേശം സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ. തീയതി 14.02.18 പ്രകാരം ഇപ്രകാരമൊരിനത്തിന് ആനുകൂല്യം നൽകാവുന്നതല്ല. കൂടാതെ 16.10.2016 ൽ സമ്പൂർണ്ണ വെളിയിടമുക്ത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇത്തരം പദ്ധതി ഏറ്റെടുത്തത് അനുചിതമാണെന്നിരിക്കെ ഇതിനായി ചെലവഴിച്ച 27600/- രൂപ മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (31/31.08.19)മറുപടി ലഭ്യമാക്കിയില്ല.

# 3-12 ലൈഫ് ഭവന പദ്ധതി (ജനറൽ)- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 22/19 |
| അടങ്കൽ | 36500000/- |
| ഫണ്ടിനം | വികസന ഫണ്ട്- 7000000/-<br>ബ്ലോക്ക് വിഹിതം -2500000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -2500000/-<br>മറ്റുള്ളവ -24500000/- |
| ചെലവ് | 10860000/- |

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ചെല്ലാനം നടപ്പിലാക്കിയ -ലൈഫ് ഭവന പദ്ധതി (ജനറൽ)- പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ രണ്ടും മൂന്നും തവണകളിലായി അവരവരുടെ പേരിന് നേരേ ചേർത്തിട്ടുള്ള വിധം ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | പരാമർശം |
|---|---|---|---|
| 1 | ഷീല ആന്റണി, മഠത്തിപ്പറമ്പ് | 200000 | പൂർത്തിയാക്കിയിട്ടില്ല |
| 2 | ലളിത മണി, വെളിയത്ത് | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 3 | സൗമ്യ സജി, മച്ചിങ്കൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 4 | സവിത സുരേഷ്, പ്ലാപ്പറമ്പിൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 5 | മഞ്ജുള സദാശിവൻ മഞ്ചാടിപ്പറമ്പിൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 6 | ബിന്ദു ബെന്നി നടുവിലപ്പറമ്പിൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 7 | രേണുക പത്മനാഭൻ, പ്ലാപ്പറമ്പിൽ | 300000 | പൂർത്തിയാക്കിയിട്ടില്ല |
| 8 | ജോസഫ് മേരി, കുന്നേൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 9 | ഫ്ലോറി നൈജു, | 360000 | പൂർത്തിയാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | അക്കപ്പറമ്പിൽ | | |
| 10 | വാസന്തി പവിത്രൻ, | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 11 | സ്റ്റാൻലി ഷാജി പൊള്ളയിൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 12 | ഡീനജോണി, ചെറുതലയ്ക്കൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 13 | പി.പി. പ്രസാദ് പള്ളത്തുചാലിൽ | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 14 | ജോസി പാട്ടാളത്ത് | 360000 | പൂർത്തിയാക്കിയിട്ടില്ല |
| 15 | നിർമ്മല ജയൻ, ഗൗളിപ്പറമ്പ് | 200000 | പൂർത്തിയാക്കിയിട്ടില്ല |
| 16 | സെബാസ്റ്റ്യൻ, തൈക്കുടത്ത് | 200000 | പൂർത്തിയാക്കിയിട്ടില്ല |
| 17 | ജോസഫ് & ഗ്രിജിത്ത്, കടവിപ്പറമ്പ് | 40000 | പൂർത്തിയാക്കിയിട്ടില്ല |

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-13 കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2018-19 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 1,18,518/- രൂപ ഈടാക്കി ഒടുക്ക് വരുത്തിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ആകെ പ്രവൃത്തിമൂല്യത്തിന്റെ 1% ബന്ധപ്പെട്ട വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഒടുക്കുന്ന തുകയുടെ1% കളക്ഷൻചാർജായി അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ ചാർജ് ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(33/31.08.19) ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ചുള്ള അറിവില്ലായ്മ മൂലമാണ് പ്രസ്തുത തുക ഈടാക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരം കളക്ഷൻ ചാർജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പി.വി.സി വാട്ടർ ടാങ്ക്- വിതരണം പൂർത്തിയാക്കിയില്ല.

പ്രോജക്റ്റ് നമ്പർ - 70/19

അടങ്കൽ - 167500/-, ചെലവ് - 102900/-, ബിൽ നമ്പർ -49/8.3.29

വികസന ഫണ്ട് എസ്.സി.പി -117315/-, തനത് ഫണ്ട് - 7685/-, മറ്റുള്ളവ – 42500/-

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പി.വി.സി വാട്ടർ ടാങ്ക് (എസ്.സി) പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ രേഖപ്പെടുത്തിയ സെൻസർ പോളിമേഴ്സ് തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 2940/- രൂപ നിരക്കിൽ ആകെ 35 ടാങ്കുകൾ വാങ്ങിയെങ്കിലും 34 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഒരു ടാങ്ക് ഇപ്പോഴും വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസ് വാടകയ്ക്ക് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നു. ആയത് എത്രയും വേഗം വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ 2940/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-15 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 21/18-19, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകണങ്ങൾ വാങ്ങൽ |
| അടങ്കൽ,ചെലവ്,ഫണ്ടിനം | 4,00,000/-<br>2,38,160/-<br>മെയിന്റനൻസ് (റോഡിതരം) ഫണ്ട്. |
| ബിൽ നം., തീയതി, തുക | 101/18-19, 23.03.2019, 99270/-<br>102/18-19, 23.03.2019, 59990/-<br>111/18-19, 23.03.2019, 78900/- |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ടിന്നായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും. സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രേഖ തുടങ്ങി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 24.08.2019 ൽ നല്കിയ 18ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 238160/- രൂപ രേഖകൾ ഹാജരാക്കുന്നതുവരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-16 എം.ജി.എൻ.ആർ.ജി.എസ് ആദായനികുതി ഈടാക്കിയില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ **2018-19** സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് കരാറുകാരന് നല്കിയ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെച്ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൽച്ചിറ നിർമ്മാണം വാർഡ് 16 |
| അടങ്കൽ ,ചെലവ് | 1100000, 971871 |
| എം.ബുക്ക് നം | 09/MGNREGS/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അക്രഡിറ്റഡ് എഞ്ചിനീയർ |

| ക്രമ | പ്രവൃത്തിയുടെ | കരാറുകാരന്റെ | എം ബുക്ക് നം | നല്കിയ തുക. | ഈടാക്കേണ്ട |
|---|---|---|---|---|---|

| നം | പേര് വാർഡ് നം | പേര്, വിലാസം | | | നികുതി (1%) |
|---|---|---|---|---|---|
| 1 | കൽച്ചിറ നിർമ്മാണം വാർഡ് 16 | പി.എ.ലോറൻസ് ബാബു. പുളിയത്തടത്ത്. ചെറിയകടവ് | 09/MGNREGS/19-20 | 66256.66 /- (എം.ബുക്ക് പേജ് നം 6) 204229/- (എം ബുക്ക് പേജ് നം 10) 108036/- (എം ബുക്ക് പേജ് നം 13) 238249.5 | |
| | ആകെത്തുക 616771.16 | | | | 6168 |

മേൽ സൂചിത പ്രോജക്റ്റ് പ്രകാരം തയ്യാറാക്കിട്ടുള്ള എം ബുക്ക് പേജ് നം 14 ഐറ്റം 6 ൽ പ്രീമെഷർമെന്റായി supplying and filling in plinth with gravel ആയി ആകെ 170.53 $m^3$ ചെയ്തിട്ടുണ്ട്. എന്നാൽ എം ബുക്ക് പേജ് നം 16 ൽ ഈയിനത്തിന് മൂല്യ നിർണ്ണയം നടത്തിയപ്പോൾ ആകെ 277.50 $m^3$ എന്ന് രേഖപ്പെടുത്തി 971.54/$m^3$ നിരക്കിൽ 240849/- രൂപ നല്കിയിട്ടുണ്ട്. മേലിനത്തിൽ ഉണ്ടായ വ്യത്യാസത്തിനും ആദായ നികുതി ഈടാക്കാതിരുന്നതിനും വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ആദായ നികുതിയിനത്തിൽ ലഭ്യമാകുവാനുള്ള തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കാമെന്നും, എം ബുക്കിലെ അപാകത പരിഹരിച്ച് ഓഡിറ്റിൽ ഹാജരാക്കാമെന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. ആയത് ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 971871/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-17 മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 16/18-19, ചെല്ലാനം കുടുംബാരോഗ്യകേന്ദ്രത്തിനും, കണ്ടക്കടവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിനും മരുന്ന് വാങ്ങൽ |
| അടങ്കൽ, ചെലവ് | 1000000, 988000/-മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ബിൽ നം, തീയതി | 16/18-19 തീ 19.02.2018, 725000/- 06/18-19 തീ.25.09.2018, 263000/- 07/18-19, തീ 16.10.2018, 12000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെല്ലാനം |

മേൽ പ്രോജക്റ്റ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരം നല്കിയ 04.09.2018 ലെ പി.ആർ.എഫ് 1105 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 725000/- രൂപയും, പി.ആർ.എഫ് 1085 പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 263000/-രൂപയും ചെല്ലാനം കുടുംബാരോഗ്യകേന്ദ്രത്തിനും, കണ്ടക്കടവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിനും മരുന്ന് വാങ്ങുന്നതിനായി പഞ്ചായത്തിൽ നിന്ന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ

പൂർണ്ണമായും ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. മേൽ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കൂടാതെ സമയ ബന്ധിതമായി മരുന്ന് ലഭ്യമാക്കുന്നതിന് ആരോഗ്യ-ക്ഷേമകാര്യ സ്റ്റാന്റിംങ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ (പ്രോജക്ട് നമ്പർ 33/2018-19), ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി ട്രഷറി ബിൽ ബുക്ക് ബിൽ നമ്പർ 2/2018-19 / 29.12.2018 പ്രകാരം 3,00,000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 1,27,005/- രൂപയുടെള്ള മരുന്നുകൾ മാത്രമാണ് ടി പ്രോജക്ട് പ്രകാരം ലഭ്യമായിട്ടുള്ളത്. ബാക്കി 1,72,995/-രൂപയുടെള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 22.08.2019ൽ ഓഡിറ്റ് എൻക്വയറി (നം.11) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 വരുമാന നികുതി ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി എടേഴത്ത് പ്രിന്റേഴ്സ്, കുമ്പളങ്ങി എന്ന സ്ഥാപനത്തിൽ നിന്നും അച്ചടി പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വരുമാന നികുതി നിയമത്തിലെ 194 (സി) വകുപ്പ് പ്രകാരം നിയമാനുസൃതമായി ഈടാക്കേണ്ടിയിരുന്ന 2% നികുതിയായ 4245/- രൂപ ഈടാക്കിയതായി കാണുന്നില്ല.

## 3-20 എസ്.സി ബാലവാടിക്ക് പോഷകാഹാരം/ യൂണിഫോം

പ്രോജക്ട് നമ്പർ - 42/19, അടങ്കൽ -9600 വികസന ഫണ്ട് ( എസ്.സി.പി )
ബിൽ നമ്പർ 36/18-19/ 3.1.19

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ എസ്.സി ബാലവാടിക്ക് പോഷകാഹാരം/ യൂണിഫോം - പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എസ്.സി. ബാലവാടിയിൽ ആകെ 16 കുട്ടികളാണ് പഠിക്കുന്നത്. തൻ വർഷം സ്റ്റിച്ചിംഗ് കാസിൽ, നെടുമ്പാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 9600 രൂപയുടെ യൂണിഫോം ബാലവാടിയ്ക്ക് വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ സുതാര്യത തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 9600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പ്രോജക്ടുകൾ.

പ്രോജക്ട് നമ്പർ 45/2018-19 ആയുർവേദ മരുന്ന വാങ്ങൽ .

മെഡിക്കൽ ഓഫീസർ കാട്ടിപ്പറമ്പ്, 06.09.18 ൽ ആയുർവേദ മരുന്ന വാങ്ങലിനായി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ C72/2018 നമ്പർ കത്തിനൊപ്പമുള്ള ഇൻഡന്റിൽ 8,79,904/- രൂപയുള്ള മരുന്നുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിന്ന മറുപടിയായി ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ 29.04.2018 ലെ D - 2080/18 നമ്പർ കത്തിൽ, 2018-19 ൽ ഔഷധങ്ങൾക്കായി 66,000/- രൂപ സർക്കാർ അനുവദിച്ചിട്ടുള്ളതായി പറയുന്നു. ആയതിനാൽ 8,13,904/- (879904-66000/-) രൂപയുള്ള മരുന്നുകൾക്ക് മാത്രമാണ് പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ മരുന്ന വാങ്ങലിനായി ബിൽ നമ്പർ 44/18-19 / 17.10.2018 പ്രകാരം 9,00,000/- രൂപ ഔഷധി, തൃശ്ശൂർ ൻെറ പേരിൽ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും പ്രസ്തുത സാമ്പത്തിക വർഷത്തേക്ക് ആവശ്യമായതിലും അധികമായി 86096/- രൂപ മരുന്നുകൾക്കായി ചെലവഴിച്ചതായി കാണുന്നു. കൂടാതെ 08.05.19 വരെ 9 ഇൻവോയ്സുകളിലായി 8,59,754/- രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 40,246/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 26.08.2019 ൽ 20ാം നമ്പർ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

# 3-22 പദ്ധതികൾ നടപ്പാക്കുന്നതിൽ വിമുഖത

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് താഴെപ്പറയും പ്രകാരം ഫണ്ടുകൾ ലഭ്യമായിട്ടുണ്ട്.

| ഫണ്ടിനം | എ.സി.ആർ പ്രകാരം വരവ് | എ.സി.ആർ പ്രകാരമുള്ള ചെലവ് | ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 29875918 | 28575232 | 95.64% |
| വികസന ഫണ്ട് (എസ്.സി.പി) | 4474000 | 2592890 | 57.95% |
| വികസന ഫണ്ട് (ടി.എസ്.പി) | 144000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6014000 | 3548954 | 59% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 889000 | 154491 | 17.37% |
| 13ാം ധനകാര്യ കമ്മീഷൻ അവാർഡ്. | 12444000 | 7312559 | 58.76% |

എന്നാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ പഞ്ചായത്തിന് വലിയ വീഴ്ച സംഭവിച്ചിട്ടുണ്ട്. ടി.എസ്.പി ഇനത്തിൽ ലഭ്യമായ തുകയൊന്നും തന്നെ പഞ്ചായത്ത് ചെലവഴിച്ചിട്ടില്ല. വി.ഇ.ഒ. കണ്ണമാലി, കാട്ടിപ്പറമ്പ് എന്നിവർ 2018-19 സാമ്പത്തിക വർഷത്തിൽ യഥാക്രമം 27600 രൂപയുടേയും 25000/- രൂപയുടെയും പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടിന് ലഭിച്ച ഫണ്ട് വിവരം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 17000 | നെൽ കൃഷിക്ക് കൂലിച്ചെലവ് | 17000 | 00 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പാലിയേറ്റീവ് കെയർ പദ്ധതി | 100000 | 00 |
| 3. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 245000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 245000 | 00 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1016513 | ലൈഫ് ഭവന പദ്ധതി | 840000 | 176513 |
| 5. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 18000 | ക്ഷീര സംഘങ്ങൾ വഴി പാലിന് ഇൻസെൻറീവ് | 18000 | 00 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | എസ്.സി. കുട്ടികൾക്ക് പഠനമുറി | 276291 | 323709 |
| 7. | ജില്ലാ പഞ്ചായത്ത് | 2018-19 | 245000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 245000 | 00 |
| 8 | ജില്ലാ പഞ്ചായത്ത് | 2018-19 | 1400000 | ലൈഫ് ഭവന പദ്ധതി | 1400000 | 00 |
| 9 | ജില്ലാ പഞ്ചായത്ത് | 2018-19 | 351892 | അംഗനവാടിക്ക് സ്ഥലം വാങ്ങൽ | 60096 | 291796 |
| 10 | ജില്ലാ പഞ്ചായത്ത് | 2018-19 | 10312636 | വിവിധ റോഡുകളുടെ അറ്റകുറ്റപ്പണി | 1862951 | 8449685 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നമ്പർ | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 257/19 | 2107 മുതൽ 2118 | 563857/ 30.12.18 | 00 | 563857 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ 282/19 | 7265 മുതൽ 7269 | 451365 /22.3.19 | 00 | 451365 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലൈഫ്/ ഇ.കെ.എം/62/2019/ 21.03.2019 | 7174410 | 00 | 00 | 00 | 7174410 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6029426 |
| തൻവർഷം നിക്ഷേപിച്ച തുക | 500613 (പലിശ) |
| ആകെ | 6530039 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6530039 |

.

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (രസീത് നമ്പർ) 2364 | 698718 |
| ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 683803 |

| | |
|---|---|
| (രസീത് നമ്പർ) 2365 | |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് (രസീത് നമ്പർ) 089569 | 914720 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് (രസീത് നമ്പർ) 89570 | 3263321 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് 89571 | 969477 |
| ആകെ | 6530039 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണ സംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിയത് സംബന്ധിച്ച് | നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചതിനാൽ പരാമർശം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കമ്പ്യൂട്ടർസെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കിവരുന്നു |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 120639938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86925384 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68252 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3978862 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുകളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | | 68252 | ശ്രീമതി. പി.പി. ഷീല, സെക്രട്ടറി |
| ആകെ | | 68252 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 149880 | ശ്രീമതി. പി.പി. ഷീല, സെക്രട്ടറി |
| 3-2 | 947174 | ശ്രീമതി. പി.പി. ഷീല, സെക്രട്ടറി |
| 3-5 | 756637 | ശ്രീമതി. പി.പി. ഷീല, സെക്രട്ടറി |
| 3-9(1) | 350000 | ശ്രീമതി.ടെസ്സ് ടെറിറ്റാ മേരി വി.ഇ.ഒ, കണ്ടക്കടവ് |
| 3-9(2) | 525000 | ശ്രീമതി.ടെസ്സ് ടെറിറ്റാ മേരി വി.ഇ.ഒ, കണ്ടക്കടവ് |
| 3-11 | 27600 | ശ്രീ.സാദിഖ്. എ.വി,ഇ.എ കണ്ണമാലി |
| 3-15 | 2940 | ശ്രീമതി.രശ്മിമോൾ.പി.എസ് അസിസ്റ്റന്റ് സെക്രട്ടറി |
| 3-16 | 238160 | ശ്രീമതി. പി.പി. ഷീല, സെക്രട്ടറി |
| 3-17 | 971871 | ശ്രീമതി. ശില്പ, അക്രെഡിറ്റഡ് എഞ്ചിനീയർ |
| 3-21 | 9600 | ശ്രീമതി. ഏയ്ഞ്ചൽ ജിൻസി ഐ.സി.ഡി .എസ്. സൂപ്പർവൈസർ |
| ആകെ | 3978862 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ഏയ്ഞ്ചൽ ജിൻസി.കെ.ജെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചെല്ലാനം | പുത്തൻപുരക്കൽ ഹൗസ് പള്ളുരുത്തി, 682006 |
| ശ്രീമതി.ടെസ്സ് ടെറിറ്റാ മേരി വി.ഇ.ഒ, കണ്ടക്കടവ് | വി.ഇ.ഒ, കണ്ടക്കടവ് | ഇലഞ്ഞിക്കൽ ഹൗസ് ഫോർട്ട് കൊച്ചി 682001 |
| സാദിഖ് എ , വി.ഇ.ഒ | വി.ഇ.ഒ, ചെല്ലാനം | ഷാഗ്രില, ചന്തിരൂർ പി.ഒ, ആലപ്പുഴ |
| പി.പി.ഷീല, സെക്രട്ടറി | സെക്രട്ടറി, ചെല്ലാനം | മുല്ലൂർ ഹൗസ്, ഏറനാട് അമ്പലത്തിന് സമീപം, പെരുമ്പടപ്പ്, പള്ളുരുത്തി പി.ഒ, എറണാകുളം |
| ശ്രീമതി.രശ്മിമോൾ.പി.എസ് അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ചെല്ലാനം | കഴവങ്ങാട്ട് ഹൗസ് വളമംഗലം സൗത്ത് പി.ഒ, ചേർത്തല |
| ഡോ.അനശ്രീ പ്രകാശ് മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ചെല്ലാനം | എച്ച്.ഐ.ജി 30, പനമ്പിള്ളി നഗർ കൊച്ചി |
| ഡോ.ശ്രീദേവി കെ.ടി മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, | വി.എൻ.ആർ.എ 76 അത്താണിയേഴത്ത് വെണ്ണല പി.ഒ. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ.പി.1922/02 /7.7.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.1-921/02 /7.7.2005 |
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1-163/03 /4.2.2004 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1.1162/03 /4.2.2004 |
| 2002-03(ചെലവ്) | എൽ.എഫ്.ഇ.പി.2-296/06 /11.01.2007 |
| 2003-04 | എൽ.എഫ്.ഇ.പി.3-744/09 /16.06.2010 |
| 2004-05 | എൽ.എഫ്.ഇ.പി.3-745/09 /16.06.2010 |
| 2005-06 | എൽ.എഫ്.ഇ.പി.3-746/09 /16.06.2010 |
| 2007-08 | എൽ.എഫ്.ഇ.പി.3-746/09 /16.05.2010 |
| 2008-09 | എൽ.എഫ്.ഇ.പി.3-200/10 /12.7.2011 |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 |
| 2011-12 | എൽ.എഫ്.ഇ.പി.1-2280/13 /21.1.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15 / 06.04.2015 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം(പി3)960/2016/ 22.06.2016 |
| 2015-16 | നം.കെ.എസ്.എ-ഇ.കെ.എം(പി3)1975/2016, 07.12.2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം. (പി3)1761/2017, 21.11.2017/12.12.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

# <u>അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചെല്ലാനം**

ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

1.വികസന ഫണ്ട് (ജനറൽ) ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ ധനകാര്യ പത്രിക ഷെഡ്യൂൾ ആർ.പി.7 ഐ. 6 എന്നിവ തമ്മിൽ 3736/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2.വസ്തു നികുതി.

റസിഡൻഷ്യൽ ബിൽഡിംഗ് (തനത് വർഷം) അക്കൗണ്ട്സ് പ്രകാരം ബാലൻസ് കാണേണ്ട തുക 107078/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഇല്ല.

3. വസ്തു നികുതി - നോൺ റസിഡൻഷ്യൽ ബിൽഡിംഗ്:-

തൻവർഷം ഡി.സി.ബി പത്രിക പ്രകാരം ബാലൻസ് 42120/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂളിൽ 26086/- (ലൈബ്രറി സെസ് ഉൾപ്പെടെ) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

Annexure - 1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of CHELLANAM Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala

Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of CHELLANAM Grama Panchayat for the year 2018-19 except the observations appended herewith, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

<u>ABSTRACT OF DEFECTS</u>

1. There is a difference of ₹ 3736/- in respect of Development Fund (general) and General Purpose Grant between RP-7 schedule and I-6 schedule of AFS.

2. Property Tax current year closing balance (residential building) as per AFS should be ₹107078/-. But it is recorded as zero in B-15 schedule of AFS.

3. Current year closing balance of Building Tax (Non residential building) as per DCB statement is ₹ 42120/-. But as per B-15 schedule of balance sheet it is recorded (including library cess) as ₹ 26086/-.

DEPUTY DIRECTOR